നമ്പർ: G2-13946/18.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
email: swdkerala@gmail.com
തീയതി : 23.10.2018

## വിജ്ഞാപനം

സാമൂഹ്യനീതി വകുപ്പിന്റെ ചുമതലയിലുള്ള സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 16 ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ശാരീരിക മാനസികാരോഗ്യം ലഭ്യമാക്കുന്നതിനായി സ്ഥാപനങ്ങളിൽ യോഗ തെറാപ്പി സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. വൃദ്ധസദനങ്ങളിൽ യോഗ തെറാപ്പി നടത്തുന്നതിനായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ഉചിതമായ പ്രൊപ്പോസൽ ക്ഷണിച്ചുകൊള്ളുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് യോഗ തെറാപ്പി നടത്തുവാൻ താൽപര്യമുള്ളവർ പ്രൊപ്പോസൽ തയ്യാറാക്കി നവംബർ 15ന് മുമ്പ് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. യോഗ തെറാപ്പി നടത്തുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ / വ്യവസ്ഥകളും സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.in-ൽ ലഭ്യമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

db@

## യോഗ തെറാപ്പി മാർഗ നിർദ്ദേശങ്ങൾ

1. യോഗ പരിശീലനം ഏർപ്പെടുത്തുന്നതിനായി ടി മേഖലയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് സംഘടനയോ / സ്ഥാപനമോ ആയിരിക്കണം.

2. വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്നതിൽ മുൻപരിചയം ഉണ്ടായിരിക്കണം.

3. യോഗ തെറാപ്പി പരിശീലകൻ യോഗാ പരിശീലനത്തിൽ ഡിപ്ളോമ / ഡിഗ്രി യോഗ്യതയുള്ളവരായിരിക്കണം.

4. വകുപ്പിന്റെ വൃദ്ധസദനങ്ങളിൽ ആഴ്ചയിൽ രണ്ടു ദിനങ്ങളിൽ ഓരോ മണിക്കൂർ യോഗ പരിശീലനം നൽകുവാൻ സന്നദ്ധരായിരിക്കണം.

5. ഇക്കാര്യത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം / സംഘട സാമൂഹ്യനീതി ഡയറക്ടറുമായി ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതാണ്.

6. ഒരു മണിക്കൂർ യോഗ പരിശീലനം വയോജനങ്ങൾക്ക് നൽകുന്നതിന് പരമാവധി സ.ഉ(അച്ചടി) നം.112/2018/ധന, തീയതി: 21.07.2018 പ്രകാരം രൂ.725/- അനുവദിക്കുന്നതാണ്.

7. ഇക്കാര്യത്തിൽ താൽപര്യമുള്ള സന്നദ്ധസംഘടനകൾ / സ്ഥാപനങ്ങൾ 2018 നവംബർ 15-ാം തീയതിയ്ക്കുള്ളിൽ പ്രത്യേകം തയ്യാറാക്കിയ അപേക്ഷ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

*db@*